## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും

56 (3822) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുമ്പാകെ നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമാണുള്ളത് ; പ്രസ്തുത പ്രസിദ്ധീകരണങ്ങളുടെയും പത്രങ്ങളുടെയും പേരുവിവരം നല്കുമോ ;

(ബി) ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ മാസിക, ദ്വൈമാസിക, ത്രൈമാസിക, വാരിക, ദ്വൈവാരിക എന്നിവയുടെ പരസ്യ നിരക്കുകൾ കാലോചിതമായി സർക്കാർ പരിഷ്കരിക്കാറുണ്ടോ ; പരസ്യ നിരക്കുകൾ പരിഷ്കരിക്കുന്നതിന് സർക്കാർ എന്ത് മാനദണ്ഡമാണ് സ്വീകരിച്ചുവരുന്നത് ; ഏറ്റവുമൊടുവിൽ പരിഷ്കരിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപൻമാർക്ക് ഐഡന്റിറ്റി കാർഡ് നൽകുവാനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; വിശദവിവരം നൽകുമോ ?

### ഉത്തരം

(എ) ദിനപത്രങ്ങളുടെ എണ്ണം 76-ഉം ആനുകാലികങ്ങളുടെ എണ്ണം 560-ഉം ആണ്. ഇവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഉണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പരസ്യ നിരക്ക് കാലോചിതമായി സർക്കാർ പരിഷ്കരിക്കാറുണ്ട്. 7-7-1999-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 8/99/പി.ആർ., 5-4-2006-ലെ സർക്കാർ ഉത്തരവ് (അച്ചടിച്ചത്)നമ്പർ 72/06/ഐ.&പി.ആർ., 20-8-2007-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 169/07/ഐ.&പി.ആർ., എന്നീ ഉത്തരവുകളെ ആധാരമാക്കിയാണ് ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ നിരക്ക് നിശ്ചയിച്ച് മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത്. പ്രസിദ്ധീകരണങ്ങളുടെ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് അവയുടെ പ്രചാരം സംബന്ധിച്ച മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടിനെ ആധാരമാക്കി നിരക്ക് നിശ്ചയിച്ച് മീഡിയാ ലിസ്റ്റിൽ ഉൾപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഓരോ ആനുകാലിക പ്രസിദ്ധീകരണത്തിന്റേയും അപേക്ഷയുടെ അടിസ്ഥാനത്തിൽ റേറ്റ് പരിഷ്കരിച്ച് നല്കാറുണ്ട്. പൊതുവായ പരിഷ്കരണത്തിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

(സി) ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ പത്രാധിപൻമാർക്ക് ഐഡന്റിറ്റി കാർഡ് നൽകാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. സർക്കാരിന്റെ മീഡിയാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആനുകാലികങ്ങളുടെ പത്രാധിപൻമാർക്കാണ് ഇപ്രകാരം ഐഡന്റിറ്റി കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly